**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5236** **04-07-2024 - ൽ മറുപടിയ്ക്ക്**

**വർക്കിംഗ് മെൻസ്/ വിമെൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് മെൻസ് / വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടുകൂടി ഭവന നിർമ്മാണ ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചു വരുന്നു. നാളിതുവരെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിലായി ആകെ 13 ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>1. മുട്ടം, ഇടുക്കി - 180 കിടക്കകൾ<br><br>2.മുട്ടം അഡീഷണൽ ബ്ലോക്ക്, ഇടുക്കി - 74 കിടക്കകൾ<br><br>3. കട്ടപ്പന, ഇടുക്കി - 125 കിടക്കകൾ<br><br>4. ഗാന്ധിനഗർ, കോട്ടയം - 186 കിടക്കകൾ<br><br>5. പുല്ലഴി, തൃശ്ശൂർ - 122 കിടക്കകൾ<br><br>6. മുളംകുന്നത്തുകാവ്, തൃശ്ശൂർ - 142 കിടക്കകൾ<br><br>7. കിഴക്കേ ചാലക്കുടി, തൃശ്ശൂർ - 71 കിടക്കകൾ<br><br>8. കാക്കനാട്, എറണാകുളം - 121 കിടക്കകൾ<br><br>9. ഇടപ്പള്ളി, എറണാകുളം - 92 കിടക്കകൾ<br><br>10. ചേവായൂർ, കോഴിക്കോട് - 151 കിടക്കകൾ<br><br>11. NCC നഗർ, തിരുവനന്തപുരം - 73 കിടക്കകൾ<br><br>12. മാനന്തവാടി, വയനാട് - 169 കിടക്കകൾ<br><br>13. മധൂർ, കാസർഗോഡ് - 109 കിടക്കകൾ |

| | | | |
|---|---|---|---|
| | | | കൂടാതെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കോട്ടയം ജില്ലയിലെ ഗാന്ധി നഗർ, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലാഭ്യമായിട്ടില്ല. ആയതിനാൽ കോട്ടയം ജില്ലയിലെ ഗാന്ധി നഗർ, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിലെ പദ്ധതികൾ പരിഗണിക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വർക്കിംഗ് മെൻസ്/ വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് ധന ലഭ്യത അനുസരിച്ച് പരിശോധിക്കുന്നതാണ്. |
| (ബി) | ഇപ്രകാരം നിർമ്മിക്കുന്ന ഹോസ്റ്റലുകളിൽ ബാത്ത് അറ്റാച്ചഡ് സിംഗിൾ ഡബിൾ മുറികൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കാമോ? | (ബി) | വിവിധ ജില്ലകളിൽ ഭവന നിർമ്മാണ ബോർഡ് പൂർത്തീകരിച്ച പദ്ധതികളിൽ ഇത്തരം സംവിധാനങ്ങൾ നൽകി വരുന്നുണ്ട്. ആവശ്യകത അനുസരിച്ച് ഇനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഹോസ്റ്റലുകളിൽ ഇത്തരം സംവിധാനങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ